പതിനാലാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2016-2019)

## പതിനാലാമത് റിപ്പോർട്ട്

**(വേമ്പനാട് തണ്ണീർത്തട സംരക്ഷണം സംബന്ധിച്ച സമിതിയുടെ സ്വതന്ത്ര പഠന റിപ്പോർട്ട്)**

(2018 ജൂൺ 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2016-2019)

## പതിനാലാമത് റിപ്പോർട്ട്

**(വേമ്പനാട് തണ്ണീർത്തട സംരക്ഷണം സംബന്ധിച്ച സമിതിയുടെ സ്വതന്ത്ര പഠന റിപ്പോർട്ട്)**

(2018 ജൂൺ 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

1228/2018.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| സമിതിയുടെ ശിപാർശകൾ | .. | 8 |

# പരിസ്ഥിതി സംബന്ധിച്ച സമിതി (2016-2019)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. മുല്ലക്കര രത്നാകരൻ.

അംഗങ്ങൾ :

ശ്രീ. അനിൽ അക്കര

ശ്രീ. പി. വി. അൻവർ

ശ്രീ. കെ. ബാബു

ശ്രീ. ഒ. ആർ. കേളു

ശ്രീ. പി. ടി. എ. റഹീം

ശ്രീ. കെ. എം. ഷാജി

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എം. വിൻസെന്റ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു. കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഡി. കൃഷ്ണൻകുട്ടി, അണ്ടർ സെക്രട്ടറി.

# ആമുഖം

പാരിസ്ഥിതിക നിയമങ്ങളുടെ നഗ്നമായ ലംഘനം നടന്നുവരുന്ന വേമ്പനാട് കായൽ ഒരു കാലത്ത് ജൈവവൈവിധ്യങ്ങളുടെ ഖജനാവ് ആയിരുന്നു. വേമ്പനാട് തണ്ണീർത്തടത്തിന്റെ വിവിധ മേഖലകളിലുണ്ടായ പാരിസ്ഥിതിക നാശം 'റാംസർ സൈറ്റാ'യ വേമ്പനാട് കായലിനെ മാലിന്യങ്ങളുടെ കുപ്പത്തൊട്ടിയായി മാറ്റിയിരിക്കുന്നു. വേമ്പനാട്ട് കായലിന്റെ മലിനീകരണം സംബന്ധിച്ച് കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി മുൻകാലത്തും നിയമസഭയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ ഭാഗികമായി പോലും നടപ്പിലാക്കുവാൻ മാറിമാറി വരുന്ന സർക്കാരുകൾക്ക് കഴിഞ്ഞിട്ടില്ല എന്ന വസ്തുതയുടെ അടിസ്ഥാനത്തിലാണ് സമിതി (2016-2019) ഇത്തരമൊരു സ്വതന്ത്ര പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. സമിതിയുടെ 21-12-2017-ൽ ആലപ്പുഴയിൽ ചേർന്ന ജില്ലാതല ഉദ്യോഗസ്ഥരുടെ തെളിവെടുപ്പ് യോഗത്തിലും തുടർന്ന് വേമ്പനാട് കായൽ സന്ദർശനത്തിലും 23-4-2018-ൽ തിരുവനന്തപുരത്ത് ചേർന്ന വകുപ്പദ്ധ്യക്ഷൻമാരുടെ തെളിവെടുപ്പ് യോഗത്തിലും ഉരുത്തിരിഞ്ഞ ആശയങ്ങളുടെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 2018 ജൂൺ 19-ാം തീയതി കൂടിയ സമിതിയോഗം അംഗീകരിച്ചു.

മുല്ലക്കര രത്നാകരൻ,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2018 ജൂൺ 19.

# റിപ്പോർട്ട്

ജീവജാലങ്ങൾക്ക് പ്രാണവായുപോലെ തന്നെ അനുപേക്ഷണീയമായ ഒന്നാണ് ജലം. ലോക രാജ്യങ്ങൾ ജലം കൈക്കലാക്കാൻ നടത്തുന്ന ശ്രമം നാം തിരിച്ചറിയേണ്ടതുണ്ട്. ലോകത്തിലെ ജലസ്രോതസ്സുകളെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ 2002-ൽ ഇറാനിലെ റാംസർ എന്ന സ്ഥലത്ത് ചേർന്ന ലോകരാഷ്ട്രങ്ങളുടെ സമ്മേളനം ലോകത്തിലെ 1000 തണ്ണീർത്തടങ്ങൾ സംരക്ഷിക്കുന്നതിനുള്ള തീരുമാനമെടുത്തു. അവയിൽ കേരളത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട മൂന്ന് തടാകങ്ങളാണ് വേമ്പനാട്, അഷ്ടമുടി, ശാസ്താംകോട്ട കായലുകൾ, ഇതിൽ ഏറ്റവും വലിപ്പം ഏറിയതും പ്രധാനപ്പെട്ടതുമാണ് വേമ്പനാട് കായൽ. പ്രധാനമായും എറണാകുളം, ആലപ്പുഴ, കോട്ടയം ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന വേമ്പനാട് കായൽ ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ കായലും ഏറ്റവും വലിയ തണ്ണീർത്തടവുമാണ്. 20000-ഓളം കടൽപ്പക്ഷികൾ ഉൾപ്പെടെ വിവിധയിനം പക്ഷികൾ കാണപ്പെടുന്ന കുമരകം പക്ഷി സങ്കേതം വേമ്പനാട് കായലിന്റെ കിഴക്കൻ മേഖലയിലാണ്. അച്ചൻകോവിൽ, മണിമല, മീനച്ചിൽ, പമ്പ, പെരിയാർ എന്നീ നദികൾ ഇതിലേക്ക് ഒഴുകി എത്തുന്നു. പാതിരാമണൽ, പള്ളിപ്പുറം, പെരുമ്പളം തുടങ്ങിയ ദ്വീപുകൾ വേമ്പനാട് കായലിലാണ്. വേമ്പനാട് കായൽ അറബിക്കടലുമായി ചേരുന്ന പ്രദേശത്താണ് കൊച്ചി തുറമുഖം.

വർഷത്തിൽ ആറുമാസം ഉപ്പുവെള്ളവും ബാക്കി ആറുമാസം ശുദ്ധജലവുമാണ് വേമ്പനാട് കായലിൽ ഉള്ളത്. മഴക്കാലത്ത് കായലിൽ നിന്ന് കടലിലേക്ക് വെള്ളം ഒഴുകുന്നത് കൊണ്ടാണ് ആ സമയത്ത് ശുദ്ധജലം കിട്ടുന്നത്. വേനൽക്കാലത്ത് കടലിൽ നിന്ന് കായലിലേക്കാണ് വെള്ളം ഒഴുകുന്നത്. അതുകൊണ്ട് കായലിൽ വെള്ളം ഉപ്പുരസമുള്ളതാകുന്നു. പ്രകൃതിഭംഗികൊണ്ട് കേരളത്തിലെ ഒരു പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രം കൂടിയാണ് വേമ്പനാട് കായൽ. കായലിന് ഉണ്ടായിരുന്ന വൃഷ്ടി പ്രദേശത്തിൽ പരിസ്ഥിതി പ്രശ്നങ്ങൾമൂലം 37% വരെ കുറവ് വന്നതായി രേഖകൾ വ്യക്തമാക്കുന്നു.

കുട്ടനാട് മുതൽ തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങൾ വരെ വ്യാപിച്ചുകിടക്കുന്ന തീരദേശ ജലാശയങ്ങൾ, കായലുകൾ, ചതുപ്പ് നിലങ്ങൾ, നികത്തപ്പെട്ട തണ്ണീർത്തടങ്ങൾ, കണ്ടൽക്കാടുകൾ, മനുഷ്യ നിർമ്മിത കനാലുകൾ എന്നിവയുടെ ഒരു സമുച്ചയമാണ് വേമ്പനാട് കോൾ തണ്ണീർത്തട വ്യവസ്ഥ എന്നറിയപ്പെടുന്നത്. ഇതിന്റെ ഒരു ഭാഗമാണ് വേമ്പനാട് കായൽ. വേമ്പനാട് കായലിന്റെ മൊത്തം വിസ്തൃതിയിൽ വന്ന കുറവ് കായലിലെ ജൈവവൈവിധ്യത്തേയും ജലഗുണമേന്മയേയും ബാധിച്ചു അങ്ങനെ സർവ്വതല സ്പർശിയായ ഒരു പ്രതിസന്ധിയാണ് ഇപ്പോൾ വേമ്പനാട് കായൽ നേരിടുന്നത്.

1228/2018.

സമുദ്രനിരപ്പിന് താഴെ കൃഷി ചെയ്യുന്ന ലോകത്തിലെ അപൂർവ്വ പ്രദേശങ്ങളി ലൊന്നാണ് കുട്ടനാട്. 16 ലക്ഷത്തോളം ജനങ്ങൾക്ക് ഈ കായലുമായി അഭേദ്യ ബന്ധമുള്ളതായി കണക്കാക്കുന്നു. കൃഷി, മത്സ്യബന്ധനം, ടൂറിസം, ജലഗതാഗതം, ചളി-മണൽ വാരൽ, കക്കാ വാരൽ തുടങ്ങിയ ജീവിതോപാധികൾ അവലംബിക്കുന്നവർ നാടിന്റെ ജീവനാഡിയായ കായലിനെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യം മനസ്സിലാക്കി യിട്ടില്ല. മനുഷ്യരുടെയും പക്ഷികളുടെയും രോഗപ്രതിരോധശേഷി കുറയ്ക്കാൻ കാരണമായ എൻഡോസൾഫാൻ മുതൽ മാലത്തിയോൺ വരെയുള്ള 13-തരം കീടനാശിനിയുടെ സാന്നിദ്ധ്യം വേമ്പനാട് കായലിൽ കണ്ടെത്തിയതായി പഠനങ്ങൾ തെളിയിക്കുന്നു.

കായലിലുടനീളം കോളിഫോം ബാക്ടീരിയയുടെ അളവ് വർദ്ധിച്ചതായി കണക്കുകൾ സാക്ഷ്യപ്പെടുത്തുന്നു. നൂറ് മില്ലീ ലിറ്റർ വെള്ളത്തിൽ കോളിഫോം ബാക്ടീരിയയുടെ അളവ് പത്തു മുതൽ അൻപത് വരെ അനുവദനീയമാകാമെന്ന് കണക്കാക്കുന്നുണ്ടെങ്കിലും ഇവിടെ അവയുടെ അളവ് പതിനായിരത്തിലധികമാണെന്ന് കണ്ടെത്തിയിരിക്കുന്നു. ക്രോമിയം കാഡ്മിയം, ലെഡ്, നൈട്രേറ്റ്, സൾഫേറ്റ് എന്നിവയുടെ ഉയർന്ന അളവിലുള്ള സാന്നിദ്ധ്യവും ഈ കായലിൽ കണ്ടെത്തിയിട്ടുണ്ട്.

വേമ്പനാട് കായൽ ഇത്രയേറെ മലിനപ്പെടുന്നതിന്റെ പ്രധാന കാരണങ്ങളിൽ ഒന്ന് കായലിലെ ഒഴുക്ക് തടസ്സപ്പെടുന്നതാണ്. കൊച്ചി കായലിൽ നിന്നും വേനൽക്കാലത്ത് ഉപ്പുവെള്ളം കയറി കുട്ടനാട്ടിലേയും സമീപപ്രദേശങ്ങളിലേയും കൃഷി നശിക്കാതിരിക്കാൻ ലക്ഷ്യമിട്ട നിർമ്മിച്ച തണ്ണീർമുക്കം ബണ്ട് അടച്ചിടുന്നതുമൂലമാണ് ഇങ്ങനെ സംഭവിക്കുന്നത് എന്നതാണ് പരക്കെയുള്ള ആക്ഷേപം. കൃഷിക്ക് ഗുണപ്രദമായ രീതിയിൽ ബണ്ട് അടച്ചിടുന്നത് കായലിന്റെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്തുകയും മനുഷ്യ-ജന്തു മാലിന്യങ്ങൾ കെട്ടിക്കിടക്കാൻ കാരണമാകുകയും ചെയ്യുന്നു. ആഴം കുറഞ്ഞ ജലാശയങ്ങളിലും തോടുകളിലും നടത്തുന്ന തൊണ്ടഴുക്കലും കുളവാഴ, ആഫ്രിക്കൻ പായൽ തുടങ്ങിയവയും വ്യവസായശാലകളിൽ നിന്നുള്ള മലിനജലവും കായൽ ജലത്തെ കൂടുതൽ മലിനപ്പെടുത്തുന്നതായി ഡച്ച് ഗവൺമെന്റിന്റെ സാങ്കേതിക സഹായത്തോടെ 1987-89 കാലയളവിൽ നടത്തിയ കുട്ടനാട് ജല സന്തുലന പഠന പദ്ധതിയിലൂടെ വ്യക്തമാക്കിയിട്ടുള്ള താണ്. ഇതിൽ നിന്നും പാഠം ഉൾക്കൊണ്ട് തൽസ്ഥിതിക്ക് മാറ്റം വരുത്താൻ ഇരുപത് വർഷങ്ങൾക്ക് ശേഷവും നമുക്ക് കഴിഞ്ഞിട്ടില്ല എന്നത് ഗൗരവമായി പരിഗണിക്കേണ്ട ഒരു വിഷയമാണ്. കുട്ടനാട്ടിലെ കൃഷിയെ സംരക്ഷിക്കുന്നതിനും കായലിലെ സ്വാഭാവിക ഒഴുക്ക് നിലനിർത്തുന്നതിനും ആവശ്യമായ ഒരു സംവിധാനം ഉണ്ടാകണമെന്ന് സമിതി മനസ്സിലാക്കുന്നു.

വേമ്പനാട് കായൽ അവിടുത്തെ ജനങ്ങൾക്ക് ബഹുമുഖ സഹായിയായാണ് നിലനിൽക്കുന്നത്. കായലിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ജീവകങ്ങളെ വിവിധയിനം മത്സ്യങ്ങളായും കക്കയുമൊക്കെയായും സൃഷ്ടിക്കുന്ന ഫാക്ടറി, വിവിധയിനം കടൽ-പുഴ മത്സ്യങ്ങളുടെ പ്രജനന-ജീവിതചക്ര പൂർത്തീകരണ കേന്ദ്രം, മത്സ്യ-കക്കാ തൊഴിലാളികളുടെ ഉപജീവനമാർഗ്ഗം, മനോഹാരിതയാർന്ന വിനോദസഞ്ചാര കേന്ദ്രം, പരമ്പരാഗത ജല ഗതാഗതമാർഗ്ഗം തുടങ്ങിയ ഒട്ടനവധി ധർമ്മങ്ങളാണ് ഈ കായൽ നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ ലവണത്വത്തിൽ ഉണ്ടായ സാരമായ വ്യതിയാനം ഇവിടുത്തെ മത്സ്യസമ്പത്തിന്റെ ലഭ്യതയിലും ഇനങ്ങളിലും ഗണ്യമായ കുറവ് സൃഷ്ടിച്ചു തണ്ണീർമുക്കം ബണ്ടുമൂലം വേലിയേറ്റ - വേലിയിറക്ക പ്രവണത ഇല്ലാതായതോടെ ജലം കെട്ടിനിന്ന് ഒരു തടാകത്തിന്റെ അവസ്ഥ സംജാതമാകുകയും ഖര-ജൈവ മാലിന്യങ്ങളുടെ അളവ് വർദ്ധിക്കുകയും പ്രാണവായുവിന്റെ അളവ് ക്രമാതീതമായി കുറയുകയും ചെയ്തതായി സമിതി വിലയിരുത്തുന്നു.

ഒരുകാലത്ത് സൈബീരിയയിൽ നിന്നുവരെ ശൈത്യകാലത്ത് അഭയം തേടി വന്നിരുന്ന ദേശാടന പക്ഷികൾ ഇപ്പോൾ വേമ്പനാട് കായലിനെ ഉപേക്ഷിച്ചിരിക്കുന്നുവെന്ന യാഥാർത്ഥ്യം വിസ്മരിക്കാവുന്നതല്ല. ഏകദേശം ഇരുപതിനായിരത്തോളം മത്സ്യത്തൊഴി-ലാളികളെങ്കിലും വേമ്പനാടിനെ ആശ്രയിച്ച് ജീവിക്കുന്നുണ്ട്. മത്സ്യസമ്പത്തും നെല്ലുൽപ്പാദനവും കുറയുന്നത് കുട്ടനാടിന്റെ സമ്പദ്ഘടനയെ സാരമായി ബാധിച്ചിട്ടുള്ളതായി സമിതി വിലയിരുത്തുന്നു. ഈ സ്ഥിതി തുടർന്നാൽ അടുത്ത പത്ത് വർഷത്തിനുള്ളിൽ പരമ്പരാഗത കൃഷിയും, കക്കാവാരൽ-മത്സ്യബന്ധന മേഖലകളും സ്തംഭിക്കുമെന്നും അങ്ങനെ വരുമ്പോൾ ജനങ്ങൾക്ക് മറ്റ് ജീവിതോപാധികൾ തേടേണ്ടി വരുമെന്നും സമിതി കരുതുന്നു. ഇത്തരം സാഹചര്യങ്ങളെ നേരിടാൻ വേമ്പനാട് കായലിനെ ദോഷകരമായി ബാധിക്കുന്ന കുളവാഴ അസംസ്കൃതവസ്തുവായി ഉപയോഗിച്ച് വിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ വികസിപ്പിച്ചെടുക്കാമെന്നുള്ള വിദഗ്ദ്ധരുടെ അഭിപ്രായം പരിഗണിക്കേണ്ടതാണെന്ന് സമിതി മനസ്സിലാക്കുന്നു.

ജലാശയവും ജലസമ്പത്തും സംരക്ഷിക്കുന്നതിന് സമഗ്രമായ നിയമനിർമ്മാണവും വേമ്പനാട് കായൽ സംരക്ഷിക്കുന്നതിന് ജനപ്രതിനിധികളെ ഉൾപ്പെടുത്തിയുള്ള ജനകീയ സമിതികളുടെ രൂപീകരണവും പോളപ്പായലിന്റെ നശീകരണത്തിന് വിദേശ സാങ്കേതിക വിദ്യയുടെ ഉപയോഗവും തീരദേശപരിപാലന നിയമം കർശനമായി നടപ്പാക്കുന്നതും കായലിൽ തുരുത്തുകളായി കിടന്ന് ജലത്തിന്റെ ഒഴുക്ക് തടയുന്ന എക്കൽ കൂനകൾ ജൈവവളമായി മാറ്റുന്നതിനുള്ള നടപടിയും പ്ലാസ്റ്റിക് മാലിന്യങ്ങൾ കായലിലേക്ക് തള്ളുന്നത് നിരോധിക്കുന്നതും ചെയ്യുന്നതിലൂടെ വേമ്പനാട് കായലിനെ ഒരു പരിധി വരെ രക്ഷിക്കുവാൻ കഴിയുമെന്നുള്ള പൊതുജനാഭിപ്രായവും സമിതി ഗൗരവത്തോടെ

വീക്ഷിക്കുന്നു. കുട്ടനാട് പാക്കേജിന്റെ ഭാഗമായി നിർമ്മിച്ച കൽക്കെട്ടുമൂലം പോളയ്ക്ക് പാടശേഖരങ്ങളിൽ നിന്ന് പുറത്തേയ്ക്ക് പോകാൻ കഴിയാത്ത സാഹചര്യം ഒഴിവാക്കുന്നതിന് മടകൾ സ്ഥാപിക്കണമെന്ന മത്സ്യത്തൊഴിലാളി പ്രതിനിധികളുടെ അഭിപ്രായം ശരിയാണെന്ന് സമിതി വിലയിരുത്തുന്നു.

'റാംസർ സൈറ്റാ'യ വേമ്പനാട് തടാക മേഖലയിലെ പക്ഷികൾ, ജീവസമൂഹം, കണ്ടൽക്കാട് എന്നിവയെ സംരക്ഷിക്കേണ്ട വകുപ്പുകളിൽ നിന്നും അത്തരത്തിലുള്ള പരിഗണന വേമ്പനാടിന് ലഭിക്കുന്നില്ല എന്നത് സമിതി ആശങ്കയോടെ കാണുന്നു. വേമ്പനാട് ഉൾപ്പെടെയുള്ള കായലുകളുടെ സംരക്ഷണത്തിനായി കേരള വനം വകുപ്പ് കായലിന്റെ വിവിധ പ്രദേശങ്ങളിൽ കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നെന്നും 2017-18 സാമ്പത്തിക വർഷത്തേക്ക് 469.60 ലക്ഷം രൂപയുടെ കണ്ടൽ സംരക്ഷണത്തിനായുള്ള ഒരു പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും വകുപ്പ് സമിതിക്ക് സമർപ്പിച്ച റിപ്പോർട്ടിൽ സൂചിപ്പിക്കുന്നുണ്ട്. വനം വകുപ്പിന്റെ പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് തീവ്രശ്രമം ഉണ്ടാകണമെന്ന് സമിതി ആഗ്രഹിക്കുന്നു.

വേമ്പനാട് കായലിൽ കൃഷി നടത്തുന്നതിനുള്ള അനുകൂല സാഹചര്യം സൃഷ്ടിക്കുന്നതിനായിട്ടാണ് തണ്ണീർമുക്കം ബണ്ടും തോട്ടപ്പള്ളി സ്പിൽവേയും വേമ്പനാട് കായലിലെ പുറം ബണ്ട് ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങളും നടത്തിയത് എന്ന് ജലസേചന വകുപ്പ് സമിതിക്ക് സമർപ്പിച്ച റിപ്പോർട്ടിൽ വിശദീകരിക്കുന്നുണ്ടെങ്കിലും പ്രസ്തുത കാര്യങ്ങൾ വേമ്പനാട് കായലിന്റെ സ്വാഭാവികമായ ഒഴുക്കിനെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതായും തൻമൂലം വേമ്പനാട് കായൽ മാലിന്യങ്ങളുടെ കുപ്പത്തൊട്ടിയായി മാറുന്നതിന് ആക്കം കൂട്ടിയതായും സമിതി വിലയിരുത്തുന്നു. കൂടാതെ, കീടനാശിനികളുടെയും രാസപദാർത്ഥങ്ങളുടെയും വിളനിലമായി ഇന്ന് വേമ്പനാട് കായൽ മാറിയിട്ടുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു.

വേമ്പനാട് കായൽ നേരിടുന്ന മറ്റൊരു പ്രധാന വിഷയം കായലിന്റെ തീരദേശങ്ങളിലെ കൈയേറ്റമാണ്. കൈയേറ്റം ഒഴിപ്പിച്ച് സർവ്വേ നടത്തി അതിർത്തി നിർണ്ണയിച്ച് കല്ലുകൾ സ്ഥാപിക്കണമെന്നും ജലപാതകൾ വികസിപ്പിച്ച് ഗതാഗതത്തിനും ചരക്കുനീക്കത്തിനും വിനോദസഞ്ചാരത്തിനും ഉതകുന്ന വിധത്തിലുള്ള പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും, അതുവഴി കായലിൽ കാലാകാലങ്ങളിൽ അടിഞ്ഞ് കൂടിയിട്ടുള്ള മണ്ണും മാലിന്യങ്ങളും കളകളും നീക്കം ചെയ്ത് ജലയാനങ്ങൾക്ക് സഞ്ചരിക്കാൻ ആവശ്യമായ Draft Depth ഉറപ്പ് വരുത്തണമെന്നും മാലിന്യനിക്ഷേപം തടയുവാൻ 24 മണിക്കൂറും വാച്ച് & ഗാർഡ് സംവിധാനം ഉറപ്പുവരുത്തണമെന്നുമാണ് ജലവിഭവ വകുപ്പ് സമിതിക്ക് റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത്. പ്രസ്തുത നിർദ്ദേശങ്ങൾ സമിതി ഗൗരവമായി കണക്കിലെടുക്കുന്നു.

ആലപ്പുഴ ജില്ലയിലെ 20 ശതമാനം പ്രദേശങ്ങളും തണ്ണീർത്തടങ്ങളാണ്. വേമ്പനാടിന്റെ പാരിസ്ഥിതിക വ്യവസ്ഥയെ തകർക്കുന്നതിന്റെ കാരണങ്ങളിൽ ഒന്ന് മാത്രമാണ് വിനോദസഞ്ചാരമേഖലയിലെ നിയന്ത്രണമില്ലാത്ത ഹൗസ് ബോട്ടുകൾ. ബോട്ടുകളിൽ നിന്നും പുറംതള്ളപ്പെടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ, മലിനജലം, മോട്ടോർ വള്ളങ്ങളിൽ നിന്നും കായൽ ജലത്തിലേക്ക് പരക്കുന്ന എണ്ണ, നെൽവയലുകളിൽ ഉപയോഗിക്കുന്ന കീടനാശിനികളും കളനാശിനികളും, നഗരങ്ങളിലെ ഹോട്ടലുകൾ, ആശുപത്രികൾ, ചെറുകിടവ്യവസായ യൂണിറ്റുകൾ എന്നിവിടങ്ങളിൽനിന്നും പുറംതള്ളപ്പെടുന്ന മാലിന്യങ്ങൾ എന്നിവയും തോടുകൾവഴി വേമ്പനാട്ട് കായലിൽ എത്തിച്ചേരുന്നതായി സമിതിക്ക് ബോധ്യപ്പെട്ടു. തണ്ണീർത്തട സംരക്ഷണത്തിനായി കേന്ദ്ര നിയമങ്ങളുടെ ചുവടുപിടിച്ച് 30-11-2015-ൽ സംസ്ഥാന തണ്ണീർത്തട അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത അതോറിറ്റിയുടെ നോഡൽ വകുപ്പായ പരിസ്ഥിതി വകുപ്പും 2017-ലെ കേന്ദ്രതണ്ണീർത്തട ചട്ടപ്രകാരം കേന്ദ്രഗവൺമെന്റും ചേർന്ന് മത്സ്യബന്ധനം, തുറമുഖം, കൃഷി, ടൂറിസം, റവന്യൂ, തദ്ദേശസ്വയംഭരണം, ജലസേചനം, ഉൾനാടൻ ജലഗതാഗതം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ച് വേമ്പനാട് തണ്ണീർത്തടം സംരക്ഷിക്കുന്നതിന് നടപടികൾ ആരംഭിക്കേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത ഏകോപനത്തിൽ ജനപ്രതിനിധികൾ കൂടി ഉൾപ്പെടേണ്ടത് അത്യാവശ്യമാണെന്ന് സമിതി കരുതുന്നു.

കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തോടെ ആലപ്പുഴ ജില്ലയിലെ പാതിരാമണൽ കേന്ദ്രമാക്കി ഇക്കോടൂറിസം സാധ്യതകൾ ആവിഷ്കരിക്കാമെന്നും ഇതിനായി *Destination Development of Pathiramanal Bio Park*-എന്ന പദ്ധതി നടപ്പിലാക്കാൻ ടൂറിസം വകുപ്പ് തീരുമാനിച്ചതായും ഇതിനായി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ധനസഹായമായി 5.5 കോടിയോളം രൂപയുടെ ഭരണാനുമതി നൽകിയിരുന്നുവെങ്കിലും വിവിധ കാരണങ്ങളാൽ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞില്ലെന്ന ടൂറിസം വകുപ്പിന്റെ റിപ്പോർട്ട് തണ്ണീർത്തട സൗഹൃദ വിനോദസഞ്ചാരത്തിന് വലിയ ആഘാതമായതായി സമിതി കരുതുന്നു. എന്തായാലും വേമ്പനാട് തണ്ണീർത്തട സംരക്ഷണാർത്ഥമുള്ള ടൂറിസം പദ്ധതി പ്രകൃതി കനിഞ്ഞ് അനുഗ്രഹിച്ച് നൽകിയ തനതായ ഭംഗിയുടെ നിലനിൽപ്പോടെ മാത്രമേ സാധ്യമാകൂ എന്ന് സമിതി വിലയിരുത്തുന്നു.

പൊതു സമൂഹത്തെ സ്വാധീനിക്കുന്ന ചില തെറ്റായ വാദങ്ങളുടെ അടിസ്ഥാനത്തിൽ നടത്തപ്പെടുന്ന വികസന പ്രവർത്തനങ്ങൾ പ്രകൃതിയെ ബാധിക്കുന്നതോടൊപ്പം ഭൂമിയിലെ ജീവജാലങ്ങളുടെ നിലനിൽപ്പിനേയും ബാധിക്കുമെന്നതിന്റെ മകുടോദാഹരണമാണ് വേമ്പനാട് കായൽ. കേരളത്തിന്റെ ഏറ്റവും വലിയ ജലസംഭരണി, പ്രകൃതിരമണീയതയുടെ മാതൃക, ഇന്ത്യയിലെ തന്നെ അപൂർവ്വമായ കോൾ നിലങ്ങൾ തുടങ്ങിയ പ്രത്യേകതകളോടെ

തിളങ്ങി നിന്നിരുന്ന വേമ്പനാട് കായൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള തണ്ണീർത്തടമായി പ്രഖ്യാപിക്കപ്പെട്ടതിന്റെ പരിഗണന നൽകി പ്രവർത്തനങ്ങൾ നടത്താത്തതിൽ സമിതി ആശങ്കപ്പെടുന്നു. തണ്ണീർത്തടം എന്ന പരിഗണന നൽകാതെ വികസന പ്രവർത്തനങ്ങൾ നടത്തിയതിന്റെ ഫലമായി തണ്ണീർത്തട പ്രദേശങ്ങൾ ചുരുങ്ങുകയും ജലസംഭരണശേഷി കുറയുകയും തോടുകൾ ഇടുങ്ങുകയും മാലിന്യം വർദ്ധിക്കുകയും പോളകൾ തഴച്ച് വളരുകയും ലവണത്വം നഷ്ടപ്പെടുകയും ചെയ്തതായി വെറ്റ് ലാന്റ് ഇന്റർനാഷണൽ സൗത്ത് ഇന്ത്യയുടെ പഠന റിപ്പോർട്ടിൽ പറയുന്നു. കുട്ടനാട്ടിലെ കൃഷിയെ സംരക്ഷിക്കാൻ നിർമ്മിച്ച തണ്ണീർമുക്കം ബണ്ട് മത്സ്യബന്ധന തൊഴിലാളികൾക്ക് ഭീഷണിയാണെങ്കിൽ കൃഷിക്കാർക്ക് പ്രയോജനമായി. ഇവർ തമ്മിലുള്ള ചിരകാല തർക്കം മുതലെടുത്ത തൽപ്പരകക്ഷികൾ ഏറെ ഉണ്ട്. കുമരകത്തെയും പാതിരാമണലിലേയും അനന്തമായ ടൂറിസം സാധ്യതകളെ പ്രാവർത്തികമാക്കുന്നതിനെ സംബന്ധിച്ച് ടൂറിസം ഓപ്പറേറ്റർമാരും പരിസ്ഥിതി പ്രവർത്തകരും തമ്മിലുള്ള തർക്കം തുടർന്നുകൊണ്ടിരിക്കുന്നു. വേമ്പനാടിന്റെ പ്രകൃതിഭംഗി കുറഞ്ഞതിനേയും കായലിലെ കളവാഴയുടെ വളർച്ചയേയും ജലത്തിന്റെ ഗുണനിലവാരം നഷ്ടപ്പെട്ടതിനേയും സംബന്ധിച്ച് ഉദ്യോഗമണ്ഡൽ മേഖലയിലെ വ്യവസായികളും ടൂർ ഓപ്പറേറ്റർമാരും തമ്മിൽ അപരിഹാര്യമായ തർക്കം നിലനിൽക്കുന്നു. ഇത്തരം തർക്കങ്ങൾ സമവായത്തിലൂടെ അടിയന്തരമായി പരിഹരിക്കേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു.

നഗരസഭാ പ്രദേശങ്ങളിൽനിന്നും വേമ്പനാട് കായലിലേക്ക് ഒഴുക്കിവിടുന്ന ജലത്തിന്റെ ഗുണനിലവാരം നിയന്ത്രിക്കുന്നതിന് നഗരസഭകളുടെ ഡീ-സെൻട്രലൈസ്ഡ് പ്ലാന്റിൽ സ്റ്റോം വാട്ടർ ക്വാളിറ്റി കൺട്രോൾ നടത്തുന്നതിന് നഗരസഭാ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയതായും ഹൗസ് ബോട്ടുകളിൽ ക്രമാതീതമായി ഡീസൽ ഉപയോഗിക്കുന്നത് നിയന്ത്രിക്കുന്നതിനായി സാങ്കേതികവിദ്യയിൽ മാറ്റം വരുത്തി സോളാർ സമ്പ്രദായമോ ഇലക്ട്രിക് സമ്പ്രദായമോ ഏർപ്പെടുത്തുകയാണെങ്കിൽ ഡീസൽ ഉപയോഗിക്കുന്നതു മൂലമുള്ള മാലിന്യപ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാൻ കഴിയുമെന്നുമുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിർദ്ദേശം ഫലപ്രദമാണെന്ന് സമിതി കരുതുന്നു.

വേമ്പനാട് കായൽ മാലിന്യങ്ങളുടെ കൂമ്പാരമാകുന്നതിന് പ്രധാന കാരണം വേമ്പനാട് കായലിൽ വികസിച്ചുവരുന്ന വിനോദസഞ്ചാരമാണെന്ന് സമിതിക്ക് അഭിപ്രായമില്ല. എന്നാൽ എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് മാത്രമേ വേമ്പനാടിനെ രക്ഷിക്കാൻ കഴിയൂ എന്നും കായൽ ടൂറിസത്തെ റഗുലേറ്റ് ചെയ്യേണ്ടത് അത്യാവശ്യമാണെന്നും സ്റ്റേറ്റ് വെറ്റ് ലാന്റ് അതോറിറ്റിക്ക് അതിന് സാധ്യമാകുമെന്നും സമിതി വിശ്വസിക്കുന്നു.

വേമ്പനാട് കായലിലെ ബോട്ടുകളുടെ എണ്ണം കായലിന് താങ്ങാൻ കഴിയുന്നതിന് അപ്പുറമാണെന്ന് കായൽ സന്ദർശന സമയത്ത് സമിതിക്ക് ബോധ്യപ്പെട്ടു. കായൽപ്പരപ്പ് കാണാൻ കഴിയാത്ത വിധത്തിൽ ബോട്ടുകൾ കായൽ നിറഞ്ഞ് ഒഴുകുന്നതായി കാണാൻ കഴിഞ്ഞു. നാഷണൽ ഹൈവേകളിൽ വാഹനങ്ങൾ തിക്കിത്തിരക്കി ഓടുന്ന രീതിയിൽ ബോട്ടുകൾ കായൽപ്പരപ്പിൽ നീങ്ങുന്നുവെന്ന് പറയുമ്പോൾ അതിശയോക്തി ഉണ്ടാകുമെങ്കിലും യാഥാർത്ഥ്യമാണെന്ന് സമിതിക്ക് അനുഭവത്തിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞു. ബോട്ടുകൾക്ക് ലൈസൻസ് കൊടുക്കുന്നതിലും സർവ്വീസ് നടത്തുന്നതിലും കൃത്യമായ നിയന്ത്രണമുണ്ടാകണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

കായലുകൾ പ്രകൃതി ദത്തമാണ്. എന്നാൽ ഇവയെ ചൂഷണം ചെയ്യുന്ന മനുഷ്യർ ഇവയുടെ അന്തഃസത്ത കാത്തു സൂക്ഷിക്കാൻ ശ്രമിക്കാറില്ല. കായലുകളുടെ ഉടമസ്ഥാവകാശം ആർക്കാണെന്ന സമിതിയുടെ ചോദ്യത്തിന് വ്യക്തമായ ഉത്തരം തെളിവെടുപ്പ് യോഗത്തിൽ സമിതിക്ക് ലഭിച്ചില്ല. കായലിലൂടെ പ്രകൃതി സൗന്ദര്യം ആസ്വദിക്കാൻ എത്തുന്ന സഞ്ചാരികളെ തൃപ്തരാക്കാൻ ഉപയോഗിക്കുന്ന ബോട്ടുകൾ വളരെ വൃത്തിയുള്ളതായിരിക്കേണ്ടതുണ്ട്. എന്നാൽ ഇതിനായി ഉപയോഗിക്കുന്ന ബോട്ടുകളിൽ നിന്നും ബഹിർഗമിക്കുന്ന വിഷലിപ്ത മാലിന്യങ്ങളും സഞ്ചാരികൾ വലിച്ചെറിയുന്ന മാലിന്യങ്ങളും, കായലിൽ എത്തിച്ചേരുന്നു. മാലിന്യങ്ങൾ സംസ്കരിക്കാൻ പ്രത്യേകസ്ഥലം നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അവിടെ സംസ്കരിക്കുന്നില്ല. സഞ്ചാരികൾക്ക് ആവശ്യമായ ആഹാരസാധനങ്ങൾ ഉൾപ്പെടെയുള്ള ഭാരം കയറ്റി പോകുന്ന ബോട്ടുകൾ തിരികെയെത്തുന്നത് വളരെ വൃത്തിയോടെയാണ്. എന്നാൽ ഈ ആഹാരസാധനങ്ങളുടെ വേസ്റ്റുകളും യന്ത്രങ്ങളുടെയും മനുഷ്യരുടെയും വിസർജ്ജ്യങ്ങളും എവിടെപ്പോകുന്നു എന്ന ചോദ്യത്തിന് മറുപടി ലഭിക്കാത്തത് ഉൾപ്പെടെ തിരുവനന്തപുരത്ത് ചേർന്ന തെളിവെടുപ്പ് യോഗത്തിൽ വെളിവാക്കപ്പെട്ട വിവരങ്ങൾ ഞെട്ടലുളവാക്കുന്നവയാണെന്ന് സമിതി നിരീക്ഷിക്കുന്നു.

പ്രകൃതി വിഭവങ്ങളുടെ ഉപയോഗത്തിന് ഒരു ജനകീയ മേൽനോട്ടം വേണമെന്ന പ്രാഥമിക പാഠമാണ് വേമ്പനാടിന്റെ കാര്യത്തിൽ നാം മറന്നുപോയത്. ക്രമേണ വിഭവങ്ങൾ ജനങ്ങൾക്ക് അന്യമാകുകയും അത് കൂടുതലായി മൂലധന താല്പര്യങ്ങൾക്ക് കീഴടങ്ങുകയും ചെയ്തു. സ്വച്ഛപ്രകൃതി എന്ന സ്ഥിതിയിൽ നിന്ന് മണ്ണും വെള്ളവും ജൈവവൈവിധ്യവും ഭൂമിയുമെല്ലാം മൂലധനത്തിന് ലാഭം കൊയ്യാനുള്ള ഉപാധിയായി മാറി. വേമ്പനാട് കായലിന്റെ പ്രതിസന്ധി ഒറ്റപ്പെട്ട ഒന്നല്ല എന്നർത്ഥം. ആത്യന്തികമായി അത് നീരൊഴുക്കും ജലഗുണതയും ജൈവവൈവിധ്യവും അടങ്ങുന്ന പാരിസ്ഥിതിക ഘടകങ്ങളെ മാത്രമല്ല, കായലിനെ ആശ്രയിച്ച് ജീവിക്കുന്ന ജനതയുടെ സാമൂഹിക ജീവിതത്തെയും ഉപജീവന ഇടങ്ങളുടെ സുസ്ഥിരനിലനിൽപ്പിനേയും വരെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. കായലിന്റെ വാഹക ശേഷിയും കുറഞ്ഞിട്ടുണ്ട്. നെൽകൃഷി മെച്ചപ്പെടുത്തുന്നതിന് നടത്തിയ ഇടപെടലുകൾ മത്സ്യബന്ധനമേഖലയെ പ്രതികൂലമായി ബാധിച്ച സ്ഥിതിയുമുണ്ട്.

വ്യവസായവത്ക്കരണവും വിനോദസഞ്ചാരവും പുതിയ തരം മലിനീകരണത്തിനും പരിസ്ഥിതിക്ഷയത്തിനും കാരണമായി. കൃഷി വികസിപ്പിച്ചവർ മത്സ്യത്തെ പരിഗണിച്ചില്ല. ടൂറിസം വികസിപ്പിച്ചവർ കൃഷിയേയും മത്സ്യത്തെയും പരിഗണിച്ചില്ല. റവന്യൂ, കൃഷി, മത്സ്യബന്ധനം, തദ്ദേശസ്വയംഭരണം, മൃഗസംരക്ഷണം, ജലവിഭവം, ഗതാഗതം, വിനോദസഞ്ചാരം എന്നീ വകുപ്പുകളും കൊച്ചിൻ പോർട്ട് ട്രസ്റ്റും വേമ്പനാട് കായലിൽ തങ്ങളുടേതായ പ്രവർത്തനങ്ങൾ നടത്തുന്നവരാണ്. ഇവയെല്ലാം ഏകോപിപ്പിക്കേണ്ടതുണ്ട്. കായലുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഗവേഷണസ്ഥാപനങ്ങളും ഇത്തരത്തിൽ ഏകോപിപ്പിക്കപ്പെട്ടിട്ടില്ല. ഒപ്പം നിയമങ്ങളും ചട്ടങ്ങളും കൃത്യമായി പാലിക്കുന്നതിനോ നിയമ-ചട്ട ലംഘനങ്ങളിൽ യഥാസമയം നടപടിയെടുക്കുന്നതിനോ കഴിഞ്ഞില്ല. ഏതാണ്ട് ഒരു നൂറ്റാണ്ട് കാലമായി തുടർന്നു വന്ന ഈ അലസതയുടെ ഫലമാണ് വേമ്പനാട് കായൽ ഇന്നു നേരിടുന്ന പ്രതിസന്ധിയെന്ന് നിസ്സംശയം പറയാം. മേൽ വിവരിച്ച കാര്യങ്ങളുടെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങൾ ശിപാർശകളായി ചുവടെ ചേർക്കുന്നു:

## ശിപാർശകൾ

1. സംസ്ഥാന തണ്ണീർത്തട അതോറിറ്റിയുടെ നോഡൽ വകുപ്പായ പരിസ്ഥിതി വകുപ്പും കേന്ദ്രഗവൺമെന്റും ചേർന്ന് മത്സ്യബന്ധനം, തുറമുഖം, കൃഷി, റവന്യൂ, തദ്ദേശസ്വയംഭരണം, ജലസേചനം, ഉൾനാടൻ ജല ഗതാഗതം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ച് ജനപ്രതിനിധികൾ കൂടി ഉൾപ്പെട്ട എക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കണമെന്നും വേമ്പനാട് കായലുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങളും ഈ കമ്മിറ്റിയുടെ നിയന്ത്രണത്തിൽ കൊണ്ടുവരണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2. കായലുകളുടെയും ജലാശയങ്ങളുടെയും സംരക്ഷണാവകാശം സംബന്ധിച്ച് നിലവിൽ വ്യക്തമായ നിർദ്ദേശങ്ങളോ വ്യവസ്ഥകളോ ഇല്ല. ഇത് സംസ്ഥാനത്തെ ജലാശയങ്ങളുടെ സംരക്ഷണത്തെ വളരെ പ്രതികൂലമായി ബാധിക്കുന്നു. ആയതിനാൽ വേമ്പനാട് കായലുൾപ്പെടെ സംസ്ഥാനത്തുള്ള എല്ലാ ജലാശയങ്ങളുടെയും സംരക്ഷണത്തിനുതകുന്ന തരത്തിലുള്ള നിയമനിർമ്മാണം നടത്തണമെന്നും അവയുടെ ഉടമസ്ഥതയും സംരക്ഷണവും ബന്ധപ്പെട്ട വകുപ്പുകളെ കൊണ്ട് നിർവ്വഹിപ്പിക്കണമെന്നും സർക്കാർ രൂപീകരിച്ചിട്ടുള്ള വെറ്റ് ലാന്റ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ചട്ടങ്ങൾ അടിയന്തരമായി ഉണ്ടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

3. വേമ്പനാട് കായലിലേക്ക് പതിക്കുന്ന എല്ലാ നദികളുടെയും സംരക്ഷണവും അവ മാലിന്യമുക്തമാക്കുന്നതിനുള്ള കർമ്മ പദ്ധതികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ആവിഷ്ക്കരിച്ച് നടപ്പിലാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അതോടൊപ്പം ടി സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ സമീപപ്രദേശത്തെ വിവിധതരം മാലിന്യങ്ങൾ വേമ്പനാട്ട് കായലിലേക്ക് ഒഴുക്കിവിടുന്നില്ല എന്ന് കർശനമായി ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

4. വേമ്പനാട് കായലിനോടും അനുബന്ധ ജലാശയങ്ങളോടും ചേർന്നു കിടക്കുന്ന ഭാഗങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയും പരിശോധനയും നിർബന്ധമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. വേമ്പനാട് കായൽ പ്രദേശങ്ങളിൽ കൈയേറ്റം വ്യാപകമായതിനാൽ റവന്യൂ വകുപ്പ് കായൽ പ്രദേശത്ത് അടിയന്തര സ്ഥലസർവ്വേ നടത്തി കായലിന് നഷ്ടപ്പെട്ട ഭൂമി തിരിച്ചുപിടിച്ച് ഡീമാർക്കേറ്റ് ചെയ്യണമെന്നും അവിടങ്ങളിൽ കണ്ടൽക്കാടുകൾ തുടങ്ങിയവ നട്ടുപിടിപ്പിച്ച് ജൈവവേലി നിർമ്മിക്കണമെന്നും തുടർന്നും ഉണ്ടായേക്കാവുന്ന കൈയേറ്റങ്ങൾ നിയന്ത്രിക്കുന്നതിന് കർശനമായ നിരീക്ഷണസംവിധാനങ്ങൾ ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. അതിനോടൊപ്പം കായലിന്റെ തീരദേശങ്ങൾ സർവ്വേ നടത്തി അതിർത്തി നിർണ്ണയിച്ച് അതിർത്തി കല്ലുകൾ സ്ഥാപിക്കണമെന്നും കൈയേറ്റം ഒഴിപ്പിക്കുന്നതിന് നിയമാനുസൃത നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

6. വേമ്പനാട് കായലിനു ചുറ്റും 'എക്കോ ടോൺ' വേണമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നുവെങ്കിലും ഇതിന്റെ തുടർ നടപടികൾ ഉണ്ടാകാതിരുന്നതുമൂലം കൃഷി ഭൂമി അന്യാധീനപ്പെട്ടുവെന്നും, ഭൂമി സർക്കാരിന്റെ അധീനതയിൽ നിലനിൽക്കേ കൃഷി ചെയ്യാനും ആദായം എടുക്കാനുമുള്ള അവകാശം കർഷകർക്ക് കൈവരുകയും അതുവഴി കായൽ കൈയേറ്റം ഒരു പരിധി വരെ ഒഴിവാക്കാൻ കഴിയുമെന്നതിനാൽ 'എക്കോ ടോൺ' പദ്ധതി എത്രയും വേഗം നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. വേമ്പനാട് കായലിന്റെ ആഴം കുറയുന്നതിൽ പ്രധാന പങ്കു വഹിക്കുന്ന ചെളി മണ്ണ് ശേഖരിച്ച് അതിലുള്ള പോഷകങ്ങളെക്കുറിച്ച് പഠിച്ച് അവശ്യം വേണ്ടുന്ന വസ്തുക്കൾ കൂട്ടിക്കലർത്തി ജൈവവളമായി മാറ്റാൻ കഴിയുന്ന പദ്ധതി വ്യാപകമാക്കണമെന്നും അതുവഴി കായലിന്റെ ജലവാഹകശേഷി മെച്ചപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

8. വേമ്പനാട് കായലിന്റെ വൈവിധ്യമാർന്ന ജൈവസമ്പത്ത് സംരക്ഷിക്കുന്നതിനും അതിന്റെ പ്രകൃതി ഭംഗി കാത്തു സൂക്ഷിക്കുന്നതിനും കായലിന്റെ സുസ്ഥിരത ഉറപ്പാക്കുന്നതിനും കഴിയും വിധം വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ജനപ്രതിനിധികളെ കൂടി ഉൾപ്പെടുത്തി വേമ്പനാട് തണ്ണീർത്തട സംരക്ഷണ അതോറിറ്റി രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനായുള്ള പ്രകൃതിയുടെ രക്ഷാകവചമാണ് കണ്ടൽക്കാടുകൾ. ആയതിനാൽ വേമ്പനാട് കായലിന്റെ തീരത്തും കായലിലേക്ക് എത്തിച്ചേരുന്ന നദികളുടെ ഓരങ്ങളിലും പൊതുജനപങ്കാളിത്തത്തോടെ കണ്ടൽച്ചെടികൾ വച്ചു പിടിപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

10. കണ്ടൽക്കാടുകൾ വച്ച് പിടിപ്പിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പ്രദേശവാസികൾ, കുടുംബശ്രീ അംഗങ്ങൾ, റസിഡന്റ്സ് അസോസിയേഷൻ അംഗങ്ങൾ എന്നിവർക്കായി ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംഘടിപ്പിച്ച് തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിന് പൊതുജനങ്ങളെ സജ്ജരാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. വേമ്പനാട് കായലിലെ വിനോദസഞ്ചാര മേഖലയിൽ ഉപയോഗിക്കുന്ന ഹൗസ് ബോട്ടുകൾ, മറ്റ് ജലയാനങ്ങൾ എന്നിവയുടെ നിർമ്മാണം കായലിന്റെ വാഹകശേഷിക്കനുസൃതമായി പരിഷ്കരിക്കണമെന്നും വാഹകശേഷിയുടെ അടിസ്ഥാനത്തിൽ മാത്രം അംഗീകാരമുള്ള സ്പീഡ് ബോട്ടുകൾ, ഹൗസ് ബോട്ടുകൾ എന്നിവയ്ക്ക് പ്രവർത്തിക്കാൻ അനുവാദം നൽകണമെന്നും ആയതിനു വേണ്ടുന്ന തരത്തിലുള്ള നിയമനിർമ്മാണം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ലൈസൻസില്ലാത്ത സ്പീഡ് ബോട്ടുകളേയും ഹൗസ് ബോട്ടുകളേയും വിനോദസഞ്ചാര മേഖലയിൽ അനുവദിക്കരുതെന്നും ലൈസൻസ് നൽകുന്ന വകുപ്പു തന്നെ നിരീക്ഷണ സംവിധാനവും ബോട്ടുകൾ ഇടവേളകളിൽ മാത്രം സർവ്വീസ് നടത്തുന്ന സംവിധാനവും ഏർപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

12. നഗരങ്ങളിലെ ഹോട്ടലുകൾ, ആശുപത്രികൾ, ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങിയവയിൽ നിന്നും തോടുകളിലേക്കും കായലിലേക്കും മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനാവശ്യമായ ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. വിവിധകാരണങ്ങളാൽ പദ്ധതി നിർവ്വഹണം പൂർത്തിയാക്കാൻ കഴിയാതെ വന്ന പാതിരാമണലിലേയും കുമരകത്തെയും അനന്തമായ സാദ്ധ്യതകളുള്ള ടൂറിസം പദ്ധതികൾ പ്രാവർത്തികമാക്കുകയും വേമ്പനാട് കായൽ ടൂറിസം മേഖലയിൽ ഓരോ പദ്ധതിയും നടപ്പിലാക്കുന്നത് സംബന്ധിച്ച് പരിസ്ഥിതി പ്രവർത്തകരും ടൂറിസം ഓപ്പറേറ്റർമാരും തമ്മിൽ നിലനിൽക്കുന്ന തർക്കങ്ങൾ സമവായത്തിലൂടെ പരിഹരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

14. സമുദ്രനിരപ്പിൽ നിന്ന് രണ്ടര മീറ്റർ വരെ താഴ്ചയിൽ സമ്മിശ്ര കൃഷി കൊണ്ട് ലോകത്തിന്റെ തന്നെ ശ്രദ്ധ ആകർഷിച്ച സ്ഥലമാണ് കുട്ടനാട്ടിലെ 'ആർ ബ്ലോക്ക്'. എന്നാൽ ആ പ്രദേശത്തെ പേരുകേട്ട സമ്മിശ്ര കൃഷിയുടെ ഇന്നത്തെ ദുരവസ്ഥ വിവരണാതീതമാണ്. പ്രധാനമായും നെൽകൃഷിയും തെങ്ങ് കൃഷിയും നാശോന്മുഖമായിരിക്കുന്നു. ഈ അവസ്ഥയിൽ നിന്നും 'ആർ ബ്ലോക്ക്'നെ കരകയറ്റാനുള്ള സർക്കാർ നടപടികൾക്ക് തടസ്സം നിൽക്കുന്ന ബാഹ്യശക്തികളെ നിയമപരമായി നേരിടണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

15. വേമ്പനാട് കായലിന്റെ സമീപ പ്രദേശങ്ങളിലെയും നദീമുഖങ്ങളിലെയും കൃഷിക്ക് കീടനാശിനി, കളനാശിനി/രാസവസ്തുക്കൾ എന്നിവയുടെ ഉപയോഗം പരമാവധി ഒഴിവാക്കി ജൈവ കൃഷി പ്രോത്സാഹിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. വേമ്പനാട് കായലിലെ മാലിന്യം സംസ്കരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിമിതമായ ഫണ്ട് തികയാതെ വരുന്ന സാഹചര്യം നിലവിലുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. 'റാംസർ സൈറ്റ്' ആയി പ്രഖ്യാപിക്കപ്പെട്ട ഒരു പ്രദേശത്തിന്റെ സംരക്ഷണത്തിന് ഐക്യരാഷ്ട്ര സംഘടനയുൾപ്പെടെയുള്ള സംഘടനകളുടെ ധനസഹായത്തിന് അർഹതയുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ അനുയോജ്യമായ പ്രോജക്ടുകൾ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെയും ഐക്യരാഷ്ട്ര സംഘടനയുടെ പരിസ്ഥിതി വിഭാഗത്തിന്റെയും ധനപരമോ സാങ്കേതികമോ ആയ സഹായങ്ങൾ തേടണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. ഹൗസ് ബോട്ടുകളിൽ നിന്നും ഇതര ഭാഗങ്ങളിൽ നിന്നും കായലിൽ വന്നടിയുന്ന പ്ലാസ്റ്റിക് വസ്തുക്കൾ പ്രത്യേകം ശേഖരിച്ച് പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകളിൽ സംസ്കരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

18. വേമ്പനാട് കായലിൽ സർവ്വീസ് നടത്തുന്ന ഹൗസ് ബോട്ടുകൾ ഉൾപ്പെടെയുള്ള യാനങ്ങൾ പുറപ്പെടുമ്പോഴും തിരികെയെത്തുമ്പോഴും പരിശോധന നടത്തുന്നതിന് ഒരു കേന്ദ്രീകൃത സംവിധാനമുണ്ടാക്കണമെന്നും അതിനായി ലൈസൻസ് നൽകുന്ന ബോട്ടുകളിൽ നിന്നും മാലിന്യസംസ്കരണം നടത്തുന്നതിന്റെ ചെലവിന്റെ വിഹിതം സർക്കാർ ഈടാക്കണമെന്നും അതിന്റെ നിരക്ക് കാലോചിതമായി പരിഷ്കരിക്കണമെന്നും ഒരു ദിവസം കായലിലിറക്കാവുന്ന ബോട്ടുകളുടെ എണ്ണം പരിമിതപ്പെടുത്തണമെന്നും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള പാഴ്‌വസ്തുക്കൾ തിരിച്ചെത്തിക്കാത്ത ബോട്ടുകളുടെ ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള സംവിധാനം ഉണ്ടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

19. തണ്ണീർമുക്കം ബണ്ടിനെ സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ നിലനിൽക്കുന്നതിനാൽ അതിന്റെ ഡിസൈൻ ചെന്നൈ ഐ.ഐ.റ്റി. തുടങ്ങിയ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ തയ്യാറാക്കണമെന്നും ബണ്ടിന്റെ ഓപ്പണിംഗും ക്ലോസിംഗും ഓട്ടോമാറ്റിക്ക് സംവിധാനത്തിലാക്കണമെന്നും അവിടത്തെ പ്രശ്നങ്ങൾ സമവായത്തിലൂടെ പരിഹരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

20. വേമ്പനാട് കായലിലെ ജലത്തിൽ കോളിഫോം ബാക്ടീരിയയുടെ അളവ് ക്രമാതീതമായി കൂടിയിട്ടുള്ളതും ജലത്തിന്റെ നിറം തന്നെ വ്യത്യാസപ്പെട്ടിട്ടുള്ളതും സമിതിക്ക് നേരിട്ട് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ ജലയാനങ്ങളുടെ എഞ്ചിനിൽ ഡീസൽ, മണ്ണെണ്ണ എന്നിവയുടെ ഉപയോഗം പരമാവധി ഒഴിവാക്കി ഗ്യാസിലേക്കും സോളാർ സംവിധാനത്തിലേക്കും മാറ്റുന്നതിനുള്ള നടപടികൾ ക്രമാനുഗതമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായുള്ള രോഗങ്ങൾ കായൽ തീരങ്ങളിലുള്ളവർക്കും ബാധിച്ചുവരുന്നതായും വേമ്പനാട് കായലിന്റെ തീരപ്രദേശങ്ങളിൽ മാരകരോഗങ്ങൾ വർദ്ധിച്ചു വരുന്നതായും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഇക്കാര്യത്തിൽ വിദഗ്ദ്ധരടങ്ങിയ മെഡിക്കൽ സംഘത്തിന്റെ കർശന പരിശോധന ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

22. വേമ്പനാട് കായലിന്റെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന രീതിയിൽ വ്യാപകമാകുന്ന പോളയെ മൂല്യവർദ്ധിത ഉൽപ്പന്നമാക്കി മാറ്റി തീരദേശവാസികൾക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാമെന്ന വിദഗ്ദ്ധരുടെ നിർദ്ദേശം പരിഗണിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

23. വിദേശ ടൂറിസത്തേക്കാൾ ആഭ്യന്തര ടൂറിസം വേമ്പനാട് കായൽ പ്രദേശത്തുള്ളതായും അതുകൊണ്ട് തന്നെ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ വർദ്ധനവ് ഉള്ളതായും സമിതി കരുതുന്നു. ആയതിനാൽ പ്ലാസ്റ്റിക് കുപ്പികളിലെ വെള്ളം, പ്ലാസ്റ്റിക്ക് പാക്കറ്റുകളിലെ ഭക്ഷണസാധനങ്ങൾ എന്നിവ കായൽ സന്ദർശനം നടത്തുന്നവർ ഉപയോഗിക്കാതിരിക്കുന്നതിനും പകരം പ്രകൃതി സൗഹൃദവസ്തുക്കൾ ഉപയോഗിക്കുന്നതിനും നിർദ്ദേശം നൽകണമെന്നും ബോട്ടുകളിൽതന്നെ കുടിവെള്ളം, ഭക്ഷണം തുടങ്ങിയവ ക്രമീകരിക്കുന്നതിനുള്ള ശക്തമായ നിർദ്ദേശം ബോട്ടുകൾക്ക് ലൈസൻസ് നൽകുന്നതിനോടൊപ്പം ഉണ്ടാകണമെന്നും അത്തരത്തിൽ വളരെ ഹൈജീനിക് ആയ ടൂറിസത്തിന്റെ അന്തരീക്ഷം സൃഷ്ടിച്ച് വിദേശ ടൂറിസ്റ്റുകളെ വേമ്പനാട് കായൽ പ്രദേശത്തേക്ക് കൂടുതൽ ആകർഷിക്കാൻ നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

24. വേമ്പനാട് കായലിലെ ജലപാതകൾ വികസിപ്പിച്ച് ഗതാഗതത്തിനും ചരക്കുനീക്കത്തിനും വിനോദസഞ്ചാരത്തിനും ഉതകുന്ന വിധത്തിലുള്ള പദ്ധതികൾ നടപ്പാക്കുകയും അതുവഴി കായലിൽ കാലാകാലങ്ങളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണ്ണും മാലിന്യങ്ങളും കളകളും നീക്കം ചെയ്ത് ജലയാനങ്ങൾക്ക് സഞ്ചരിക്കാൻ ആവശ്യമായ Draft Depth ഉറപ്പ് വരുത്തണമെന്നും മാലിന്യനിക്ഷേപം തടയുവാൻ 24 മണിക്കൂറും വാച്ച് & ഗാർഡ് സംവിധാനം ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

വേമ്പനാട് കായൽ അന്താരാഷ്ട്ര തലത്തിൽ അംഗീകരിക്കപ്പെട്ട തണ്ണീർത്തടമാണ്. അതിനെ ആ അവസ്ഥയിൽ നിലനിർത്തുന്നതിനുള്ള ചില ശിപാർശകളാണ് മുൻ ഖണ്ഡികകളിൽ സമിതി നൽകിയിട്ടുള്ളത്. കായലിനെ മലീമസമാക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന സ്പീഡ് ബോട്ടുകൾ, ഹൗസ് ബോട്ടുകൾ എന്നിവയും കൃഷിക്ക് ഉപയോഗിക്കുന്ന കീടനാശിനി/രാസവളങ്ങളുടെ പ്രയോഗം എന്നിവയും നിയന്ത്രിക്കുന്നതിനും പരിസ്ഥിതി സൗഹൃദ ജലയാനങ്ങൾ ഉപയോഗിക്കുന്നതിനും, പോളയെ നീക്കം ചെയ്ത് മൂല്യവർദ്ധിത വസ്തുക്കൾ ഉണ്ടാക്കുന്നതിനും തീരങ്ങളിലെ കൈയേറ്റം അവസാനിപ്പിക്കുന്നതിനും അത്തരത്തിൽ വേമ്പനാട് കായലിനെ സംരക്ഷിക്കുന്നതിനും ശക്തമായ നിയമനിർമ്മാണം ആവശ്യമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ കായൽ സംരക്ഷണത്തിനായി വേമ്പനാട് തണ്ണീർത്തട സംരക്ഷണ അതോറിറ്റി രൂപീകരണം ഉൾപ്പെടെയുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് ശക്തമായ നിയമനിർമ്മാണം അടിയന്തരമായി നടത്തുമെന്ന് സമിതി പ്രതീക്ഷിക്കുന്നു.

തിരുവനന്തപുരം,
2018 ജൂൺ 19.

മുല്ലക്കര രത്നാകരൻ,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.